"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീ.ബിജികുമാർ പി.എൻ., ശ്രീ.സുനിൽകുമാർ എസ്. എന്നിവർ ഫയൽ ചെയ്ത 32603/2024 നമ്പർ റിട്ട് പെറ്റീഷനിൽ 13.09.2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4607/2025/GEDN തീയതി,തിരുവനന്തപുരം, 10-07-2025

---

പരാമർശം:-

1. 18.09.2023 തീയതിയിലെ സ.ഉ.(സാധാ) നം.5239/2023/പൊവിവ നം. ഉത്തരവ്.
2. റിട്ട് ഹർജി നം.32603/2024 നമ്പർ റിട്ട് പെറ്റീഷനിൽ 13.09.2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
3.

**ഉത്തരവ്**

തൊടുപുഴ എൻ.എസ്.എസ്.എച്ച്.എസ്.എസ്.ലെ ക്ലർക്ക് ശ്രീ.ബിജികുമാർ പി.എൻ., വരാപ്പെട്ടി എൻ.എസ്.എസ്.എച്ച്.എസ്.എസ്.ലെ ക്ലർക്ക് ശ്രീ.സുനിൽകുമാർ എസ്. എന്നിവർ ഫയൽ ചെയ്ത 32603/2024 നമ്പർ റിട്ട് പെറ്റിഷനിൽ 13/09/2024 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം, ടി പെറ്റിഷണർമാർ സമർപ്പിച്ചിട്ടുള്ള യഥാക്രമം Ext.P7, P8 റിവിഷൻ പെറ്റീഷനുകൾ പരിശോധിച്ച് ഹർജ്ജിക്കാർ, അഞ്ചാം എതിർകക്ഷിയായ NSS Schools ജനറൽ മാനേജർ ആൻഡ് ഇൻസ്ട്രക്ടർ, മറ്റ് ബാധിക്കപ്പെട്ടവർ എന്നിവരെ കേട്ട്, തീർപ്പാക്കുവാൻ ഒന്നാം എതിർ കക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. വിഷയം പരിശോധിക്കുമ്പോൾ പരാമർശം (1) സർക്കാർ ഉത്തരവും ഇതോടൊപ്പം പരിഗണിക്കണമെന്നും സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 05.11.2024ൽ നേരിൽ കേൾക്കുകയുണ്ടായി.

3. ഹർജിക്കാരുടെ വാദങ്ങൾ ഇപ്രകാരമാണ്.

i. സുനിൽ കുമാർ - പന്നൂർ എൻ.എസ്.എസ്. യു.പി.എസ്സിൽ 04/12/1998 മുതൽ എഫ്.ടി.എം ആയും 09/12/2004-ൽ ഒ.എ ആയി പ്രമോഷൻ തസ്തികയിലും അംഗീകാരം നേടുകയും തുടർന്ന് പ്രവേശന തസ്തികയായ എഫ്.റ്റി.എം. സർവ്വീസും പ്യൂൺ തസ്തികയിലെ സർവ്വീസും കണക്കിലെടുത്ത് 8, 15 വർഷം പൂർത്തിയായ മുറയ്ക്ക് യഥാക്രമം 13/08/2007, 03/08/2014 പ്രാബല്ല്യത്തിൽ ഒന്നും, രണ്ടും സമയബന്ധിത ഹയർ ഗ്രേഡുകൾ ലഭിയ്ക്കുകയും ചട്ടം 28എ പ്രകാരം ശമ്പളം ഉയർന്ന ടേബിൾ സ്കെയിലിൽ നിജപ്പെടുത്തുകയും ചെയ്തു.

01/06/2020 മുതൽ ക്ലാർക്ക് തസ്തികയിൽ വരാപ്പെട്ടി എൻ.എസ്.എസ്.എച്ച്.എസ്.എസ്.ൽ പ്രമോട്ട് ചെയ്യപ്പെട്ടു. ക്ലാർക്ക് തസ്തികയിലെ ശമ്പള സ്കെയിൽ ഉയർന്ന സ്കെയിൽ എന്നതിനാൽ 01/06/2020 വെച്ച് റൂൾ 28 എ പ്രകാരം ശമ്പളം നിജപ്പെടുത്തി നൽകുകയുണ്ടായി. പരാമർശം (1) ഉത്തരവു പ്രകാരം ലാസ്റ്റ് ഗ്രേഡിൽ നിന്നും ഗ്രേഡ് ലഭിച്ച ശേഷമോ അല്ലാതെയോ ക്ലാർക്ക് പ്രമോഷൻ ലഭിക്കുന്ന ജീവനക്കാർക്ക് തുടർന്ന് അർഹമായ ഗ്രേഡുകൾ കണക്കാക്കേണ്ടതും ക്ലാർക്ക് തസ്തിയിലെ ഗ്രേഡുകൾ എന്നല്ല മറിച്ച് എൻട്രി തസതിയായ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ലഭിക്കേണ്ട തുടർ ഗ്രേഡുകളായാണ് കണക്കാക്കേണ്ടത്. ഇപ്രകാരം ഗ്രേഡുകൾ നൽകുമ്പോൾ ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിലുകളിലാണ് ഇത്തരക്കാർക്ക് തുടർ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കപ്പെടേണ്ടത്. ഈ ഉത്തരവു മാനിച്ചുകൊണ്ടാണ് 22 വർഷം സർവ്വീസ് പൂർത്തികരിച്ച മുറയ്ക്ക് 08/08/2021 പ്രാബല്ല്യത്തിൽ നിലവിലുള്ള ക്ലാർക്ക് തസ്തികയുടെ തൊട്ടുയർന്ന ശമ്പള സ്കെയിലായ 27900-63700 എന്ന ഉയർന്ന സ്കെയിലിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് കണക്കിലെടുത്ത് ശമ്പളം നിർണ്ണയിക്കാൻ പ്രൊപ്പോസൽ തയ്യാറാക്കി കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കപ്പെട്ടത്. എന്നാൽ ടി പ്രൊപ്പോസൽ പരിഗണിച്ച കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നിലവിൽ എൻട്രികേഡർ സ്കെയിലായ 23000-50200ന്റെ മൂന്നാമത്തെ ഹയർ ഗ്രേഡ് സ്കെയിലായ 26500-60700 ൽ നിലവിൽ ശമ്പളം കൈപ്പറ്റുന്നതിനാൽ തന്റെ ഗ്രേഡ് പ്രൊപ്പോസൽ നിരസിച്ചു. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ടി നടപടിക്കെതിരെയാണ് ബഹു.കോടതി മുമ്പാകെ റിട്ട് ഹർജി നമ്പർ 32603/2024 ഫയൽ ചെയ്തത്.

മേൽസാഹചര്യത്തിൽ നിലവിലുള്ള സർക്കാർ ഉത്തരവിനനുസരണമായി 27900-63700 ശമ്പള സ്കെയിലിൽ തനിക്ക് അർഹതപ്പെട്ട മൂന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ii. ബിജികുമാർ - 24/02/1999 മുതൽ എൻ.എസ്.എസ്. സ്കൂൾ മാനേജ്മെന്റ് വക എയ്ഡഡ് സ്കൂളിൽ എഫ്.റ്റി.എം. ആയും തുടർന്ന് 17/08/2005-ൽ പ്യൂൺ തസ്തികയിൽ പ്രമോഷൻ കിട്ടുകയും ചെയ്തെങ്കിലും സമാന ശമ്പള സ്കെയിലിലെ പ്രമോഷൻ എന്നതിനാൽ 25/11/1998-ലെ ജി.ഒ.(പി) നം.3000/98/ധനം നിഷ്കർഷിച്ചിട്ടുള്ള അഡ്വാൻസ് ഇൻക്രിമെന്റ് തനിക്ക് അനുവദിച്ചു നൽകുകയുണ്ടായില്ല. പ്രവേശന തസ്തികയായ എഫ്.റ്റി.എം.ലെ സർവ്വീസും പ്യൂൺ തസ്തികയിലെ സർവ്വീസും കണക്കിലെടുത്ത് 8,15 വർഷം പൂർത്തിയായ മുറയ്ക്ക് യഥാക്രമം 24/02/2007, 24/02/2014 പ്രാബല്ല്യത്തിൽ ഒന്ന്, രണ്ട് സമയബന്ധിത ഹയർ ഗ്രേഡുകൾ ലഭിയ്ക്കുകയും ചട്ടം 28എ പ്രകാരം ശമ്പളം ഉയർന്ന ടേബിൾ സ്കെയിലിൽ ശമ്പളം നിജപ്പെടുത്തുകയും ചെയ്തു.

പിന്നീട് ആലക്കോട് എൻ.എസ്.എസ്.എച്ച്.എസ്.എസ്.ൽ ക്ലാർക്ക് തസ്തികയിൽ 09/06/2020 മുതൽ പ്രൊമോഷനോടെ നിയമിതനാവുകയും 15/07/2021 മുതൽ ഇതേ തസ്തികയിൽ മണക്കാട് എൻ.എസ്.എസ്.എച്ച്.എസ്.എസ്.ൽ സ്ഥലമാറ്റം ലഭ്യമാവുകയും ചെയ്തു. 22 വർഷം പൂർത്തീകരിക്കുന്ന 24/02/2021 പ്രാബല്ല്യത്തിൽ 27900-63700 ശമ്പള സ്കെയിലിൽ എനിക്കു അർഹതപ്പെട്ട മൂന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി. അതിനാലാണ് കോടതിയെ സമീപിച്ച് വിധിന്യായം നേടിയത്.

മേൽ സാഹചര്യത്തിൽ 22 വർഷം പൂർത്തീകരിക്കുന്ന 24/02/2021 പ്രാബല്ല്യത്തിൽ 27900-

63700 ശമ്പള സ്കെയിലിൽ തനിക്ക് അർഹതപ്പെട്ട മൂന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കണമെന്നതാണ് ഹർജ്ജിക്കാരന്റെ ആവശ്യം.

3. മാനേജരുടെ വാദങ്ങൾ ഇപ്രകാരമാണ്.

ഹർജിക്കാർക്ക് എൻടികേഡർ സ്കെയിൽ ആയ 23000-50200ന്റെ മൂന്നാമത്തെ ഹയർഗ്രേഡ് ആയ 26500-60700 സ്കെയിലിൽ ആണ് തുടരുന്നത് എന്നും അതിനാൽ സെലക്ഷൻ ഗ്രേഡിന് അർഹതയില്ലാ എന്നതാണ് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഉന്നയിച്ച തടസ്സവാദം. ഈ വിഷയത്തിൽ കേരളാ വിദ്യാഭ്യാസ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന വിധം എന്തു തീരുമാനവും സർക്കാരിന് കൈക്കൊള്ളാവുന്നതാണ് എന്ന് എൻ.എസ്.എസ്. സ്കൂൾസ് ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്.

4. വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

ശ്രീ.എസ്.സുനിൽ കുമാർ എഫ്.റ്റി.എം തസ്തികയിൽ 04.12.1998 ൽ തുടർച്ചയായി സേവനം ആരംഭിച്ചു. 09.12.2024-ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും ആയതിന്റെ ഭാഗമായി അഡ്വാൻസ് ഇൻക്രിമെന്റ് ലഭിക്കുകയും ചെയ്തു. 27.05.2003 മുതൽ 20.08.2003 വരെയും, 31.03.2004 മുതൽ 07.05.2004 വരെയുമുള്ള കാലയളവിലെ ശൂന്യവേതനവധി ഒഴിവാക്കി 13.08.2007 ൽ ഹയർഗ്രേഡ് അനുവദിച്ച് നൽകിയിട്ടുണ്ട്. 08.08.2014 ൽ 15 വർഷത്തെ സേവനം പൂർത്തിയായപ്പോൾ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചു. 01.06.2020ൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് 28എ ഫിക്സേഷൻ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

ടിയാൻ 07.08.2021 ൽ 22 വർഷത്തെ സേവനം പൂർത്തിയായതായി കാണിച്ച് സെലക്ഷൻ ഗ്രേഡിന് അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.എസ്.സുനിൽകുമാർ, എഫ്.റ്റി.എം തസ്തികയിലാണ് ജോലിയിൽ പ്രവേശിച്ചത്. ടിയാന്റെ എൻടി കേഡർ സ്കെയിൽ 23000-50200 ആണ്. ടി സ്കെയിലിലെ തേർഡ് ഹയർ ഗ്രേഡ് സ്കെയിൽ 26500-60700 ആണ്. പ്രസ്തുത ശമ്പള സ്കെയിലിലാണ് ശ്രീ.എസ്.സുനിൽ കുമാർ 08.08.2021 ശമ്പളം വാങ്ങുന്നത്. ടിയാന്റെ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന ഫോർത്ത് ടൈം ബൗണ്ട് ഹയർഗ്രേഡിന് 27 വർഷത്തെ സേവനം ആവശ്യമുള്ളതായി കാണുന്നു. എയ്ഡഡ് സ്കൂളുകളിൽ ക്ലാർക്ക് തസ്തികയ്ക്ക് മുകളിൽ റെഗുലർ പ്രൊമോഷൻ തസ്തികകൾ നിലവിൽ ഇല്ലാത്തതിനാൽ എയ്ഡഡ് സ്കൂൾ ക്ലാർക്ക്മാർക്ക് സമയ ബന്ധിത ഹയർഗ്രേഡുകൾ അതാത് ശമ്പള പരിഷ്കരണ ഉത്തരവുകളിലെ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലുകളിലേ അനുവദിക്കാൻ സാധിക്കു എന്നും കോതമംഗലം ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നുണ്ട്.

24.02.1999 തീയതിയിൽ എഫ്.റ്റി.എം. തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ബിജികുമാർ പി.എൻ.-ന് 17.08.2005 തീയതി ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചു. തുടർന്ന് ടി രണ്ടു തസ്തികകളിലേയും സേവന കാലം കൂട്ടി 24.02.2007 ന് 8 വർഷ ഗ്രേഡ്, 24.02.2014 ന് 15 വർഷ ഗ്രേഡ് എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുമുണ്ട്. അതിനു ശേഷമാണ് ടിയാൾക്ക് 09.06.2020 ന് ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നത്. പ്രൊമോഷൻ ലഭിച്ചപ്പോൾ ടിയാൾക്ക് ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യവും അനുവദിച്ചിട്ടുണ്ട്.

10.02.2021 ലെ സ.ഉ(പി) നം.27/2021 ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം VI ഖണ്ഡിക 1 ൽ എൻട്രി തസ്തികയുടെ അടിസ്ഥാനത്തിലാണ് സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതെന്ന് വ്യകതമാക്കിയിട്ടുണ്ട്. കൂടാതെ, ഖണ്ഡിക 17, ഖണ്ഡിക 23 ലെ ഉപഖണ്ഡിക 13, 14 എന്നിവ പ്രകാരം ഗ്രേഡ് പ്രൊമോഷനുകൾക്ക് നിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ ചട്ടം 28 എ ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ ഉയർന്ന തസ്തികകളിലേക്ക് നിയമനമോ/ഉദ്യോഗക്കയറ്റമോ ലഭിച്ചവർക്ക് ആ കാലയളവിനുള്ളിൽ വീണ്ടും സമയബന്ധിത ഹയർഗ്രേഡിനു അർഹതയുണ്ടായിരിക്കുന്നതല്ല എന്നു നിർദ്ദേശിച്ചിട്ടുണ്ട്.

റിട്ട് ഹർജിയിൽ എക്സിബിറ്റ് പി 5 ആയി ഉൾപ്പെടുത്തിയിട്ടുള്ള പരാമർശം (1) ഉത്തരവിലും സമാന കേസിലെ മറ്റൊരു ഉത്തരവ് സ.ഉ. (സാധാ) നം.6739/2024/പൊ.വി.വ. തീയതി 01.10.2024 ഉത്തരവിലും ഖണ്ഡിക 18 (iii) ൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും ഗ്രേഡ് ലഭിച്ചശേഷമോ അല്ലാതെയോ ക്ലാർക്ക് തസ്തികയിലേക്ക് പ്രമോഷൻ ലഭിച്ച ജീവനക്കാർക്ക് അർഹമായ ഗ്രേഡുകൾ കണക്കാക്കേണ്ടത് ക്ലാർക്ക് തസ്തികയിലെ ഗ്രേഡുകൾ എന്നല്ല, മറിച്ച് എൻട്രി തസ്തികയായ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ലഭിക്കേണ്ട തുടർ ഗ്രേഡുകളാണ് എന്നും അതിൻ പ്രകാരം ശമ്പള പരിഷ്കരണ ഉത്തരവുകളിലെ List of Standard scalesലെ (അനക്സർ 1) പ്രകാരം ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിലുകളിലാണ് ഇത്തരക്കാർക്ക് തുടർ സമയബന്ധിത ഹയർ ഗ്രേഡ്കൾ അനുവദിക്കുവാൻ അർഹതയുള്ളത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. ബിജികുമാർ പി.എൻ. 17.08.2005 തീയതിയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചു. തുടർന്ന് ടി രണ്ടു തസ്തികകളിലേയും സേവന കാലം കൂട്ടി 24.02.2007 ന് 8 വർഷ ഗ്രേഡ്, 24.02.2014 ന് 15 വർഷ ഗ്രേഡ് എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുമുണ്ട്. അതിനുശേഷം 22 വർഷ ഗ്രേഡിന് 24.02.2021 ൽ അർഹത നേടുന്നതിന് മുൻപ് ടിയാൾക്ക് 09.06.2020 ന് ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചിട്ടുള്ളതും പ്രൊമോഷൻ തീയതിയിൽ ചട്ടം 28എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യം അനുവദിച്ചിട്ടുള്ളതുമാണ്. ആകയാൽ 10.02.2021 ലെ സ.ഉ.(പി) 27/2021/ധന ഉത്തരവിലെ അനുബന്ധം VI ഖണ്ഡിക 17, ഖണ്ഡിക 23 ലെ ഉപഖണ്ഡിക 13, 14 എന്നിവ പ്രകാരം ടിയാളുടെ 24.02.2021 പ്രാബല്യത്തിലുള്ള സെലക്ഷൻ ഗ്രേഡ് അപേക്ഷ അനുവദനീയമല്ല എന്ന് തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിനാൽ തൊടുപുഴ, മണക്കാട് എൻ.എസ്.എസ്.എച്ച്.എസ്.എസിലെ ക്ലാർക്ക് ആയ ശ്രീ.ബിജികുമാർ പി.എൻ., എറണാകുളം, വാരപ്പെട്ടി എൻ.എസ്.എസ്.എച്ച്.എസ്.എസിലെ ക്ലാർക്ക് ആയ ശ്രീ. എസ്. സുനിൽകുമാർ എന്നിവരുടെ ആവശ്യങ്ങൾ നിലവിലെ ചട്ടങ്ങൾ പ്രകാരം പരിഗണനാർഹമല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

എൻട്രി തസ്തികയെ അടിസ്ഥാനമാക്കിയാണ് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത്. ആയതിനാൽ എഫ്.ടി.എം. തസ്തികയിൽ നിന്നും പ്രൊമോഷൻ ലഭിച്ച്

ക്ലർക്കാവുന്ന എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ എൻട്രി തസ്തിക ലാസ്റ്റ് ഗ്രേഡ് തസ്തികയായ എഫ്.ടി.എം. തന്നെയായിരിക്കും. ഇത്തരക്കാർക്ക് സ.ഉ.(പി) നം.24/2024/പൊവിവ തീയതി 20-11-2024 ഖണ്ഡിക ii പ്രകാരം പ്രകാരമാണ് ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് അനവദിക്കേണ്ടത്. തുടർന്ന് നിർദ്ദിഷ്ട 15 വർഷം ടി തസ്തികയിൽ പൂർത്തിയാക്കുന്ന മുറയ്ക്ക് രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡു അനുവദിക്കാവുന്നതുമാണ്. എന്നാൽ 22 വർഷ ഗ്രേഡിന് അർഹത നേടുന്നതിന് മുൻപ് 09.06.2020-ൽ ഹർജിക്കാരന് ക്ലർക്ക് പ്രൊമോഷൻ ലഭിച്ചതിനെ തുടർന്ന് കെ.എസ്.ആർ പാർട്ട് 1 ചട്ടം 28 എ പ്രകാരം ശമ്പളം നിർണയിച്ച് നൽകിയത് ക്രമപ്രകാരമല്ല. എഫ്.റ്റി.എം തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ടിയാളുകൾ ഒന്ന്, രണ്ട് എന്നീ സമയ ബന്ധിത ഹയർ ഗ്രേഡുകൾക്ക് ആനുപാതികമായി ഓഫീസ് അറ്റൻഡന്റ്, ക്ലാർക്ക് എന്നീ തസ്തികളിൽ പ്രൊമോഷൻ ലഭിച്ച സാഹചര്യത്തിൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡിനു ശേഷം ക്ലർക്ക് പ്രൊമോഷൻ ലഭിച്ചപ്പോൾ കെ.എസ്.ആർ പാർട്ട് 1 ചട്ടം 30 പ്രകാരം മാത്രമേ ശമ്പളം നിർണയം നടത്താൻ പാടുള്ളു.

6. മേൽ സാഹചര്യത്തിൽ ക്ലർക്ക് പ്രൊമോഷൻ ലഭിച്ചതിനെ തുടർന്ന് ചട്ടം 28എ പ്രകാരം ശമ്പളം നിർണയിച്ച് നൽകിയത് റദ്ദ് ചെയ്ത് മുകളിൽ പറയുന്ന രീതിയിൽ ശമ്പള ക്രമീകരണം നടത്തിയതിനു ശേഷം തൊടുപുഴ എൻ.എസ്.എസ്.എച്ച്.എസ്.എസ്.ലെ ക്ലർക്ക് ശ്രീ.ബിജികുമാർ പി.എൻ., വരാപ്പെട്ടി എൻ.എസ്.എസ്.എച്ച്.എസ്.എസ്.ലെ ക്ലർക്ക് ശ്രീ.സുനിൽകുമാർ എസ്. എന്നിവർക്ക് എഫ്.ടി.എം., ഓഫീസ് അറ്റൻഡന്റ്, ക്ലർക്ക് എന്നീ തസ്തികകളിലെ സേവനം ഒരുമിച്ച് പരിഗണിച്ച് നിർദ്ദിഷ്ട 22 വർഷ സേവനകാലം പൂർത്തിയാക്കുന്ന മുറയ്ക്ക് 10/02/2021 തീയതിയിലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ അനക്സർ I ലെ ശമ്പള സ്കെയിലുകളുടെ ലിസ്റ്റിൽ, ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിലിൽ (27900-63700 ) KSR Part I റൂൾ 28 A നിർണ്ണയാനുകൂല്യത്തോടെ മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണെന്നും 20/11/2024 തീയതിയിലെ സ.ഉ.(പി) നം.24/2024/പൊ.വി.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ശ്രീ.ബിജികുമാർ പി.എൻ., ശ്രീ.സുനിൽകുമാർ എസ്.എന്നിവർ ഫയൽ ചെയ്ത 32603/2024 നമ്പർ റിട്ട് പെറ്റിഷൻമേലുള്ള ബഹു.ഹൈക്കോടതിയുടെ 13/09/2024 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ.ബിജികുമാർ പി.എൻ., ക്ലർക്ക്, എൻ.എസ്.എസ്.എച്ച്.എസ്.എസ്., തൊടുപുഴ, ഇടുക്കി - 685 608
ശ്രീ.എസ്.സുനിൽകുമാർ, എൻ.എസ്.എസ്.എച്ച്.എസ്.എസ്., വരാപ്പെട്ടി, കോതമംഗലം, എറണാകുളം- 686 691
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൊടുപുഴ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോതമംഗലം

മാനേജർ & ഇൻസ്പെക്ടർ എൻ.എസ്.എസ്. സ്കൂൾസ്, നായർ സർവ്വീസ് സൊസൈറ്റി ഓഫീസ്,
പെരുന്ന, ചങ്ങനാശ്ശേരി, കോട്ടയം-686 102
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Resmi Babu
Date: 11-07-2025 10:45:22
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.